

# മാവ് കായ്ക്കാൻ

*ഷോജി ജോയ് എഡിസൺ
**ഷിനോജ് സുബ്രമണ്യൻ

കേരളത്തിൽ ഡിസംബർ മാസം ആകുമ്പോൾ മാവ് പൂക്കുവാൻ തുടങ്ങും. മാങ്ങ മൂപ്പെത്താൻ മൂന്നര മാസം കൂടെ വേണ്ടിവരും. മാവ് നന്നായി പൂക്കുന്നില്ല, കായ പിടിത്തം കുറവ് എന്നത് സ്ഥിരം പരാതികളാണ്. ഇതിനു പരിഹാരമുണ്ട്. രോഗം ബാധിച്ച കമ്പുകൾ ഉണ്ടെങ്കിൽ അവ മുറിച്ചുമാറ്റി മാവിന്റെ എല്ലാ കൊമ്പുകളിലും സൂര്യപ്രകാശം ലഭിക്കുവാനുള്ള സാഹചര്യം ഒരുക്കുകയാണ് ആദ്യപടി. കൊമ്പുണക്കം ബാധിച്ച ശിഖരങ്ങളും അകത്തു തിങ്ങി വളരുന്ന ശാഖകളും പ്രൂണിംഗിനു ഉപയോഗിക്കുന്ന വാൾ /മരങ്ങളുടെ കൊമ്പുകോതൽ യന്ത്രം/ചെയിൻസോ ഉപയോഗിച്ച് മുറിച്ചുമാറ്റണം. സൂര്യപ്രകാശം എല്ലാ ശാഖകളിലും യഥേഷ്ടം ലഭിക്കുന്ന ഒരു ആകൃതി മരത്തിനു നൽകുന്നതും രോഗം ബാധിച്ച ശിഖരങ്ങൾ മുറിച്ചുമാറ്റി അത് പകരുന്നത് തടയുന്നതുമാണ് കൊമ്പുകോതലിന്റെ ലക്ഷ്യം. ഉണങ്ങിയ കൊമ്പുകൾ മുറിച്ചു മാറ്റുമ്പോൾ ആ ശിഖരത്തിന്റെ പച്ചപ്പ് ഉള്ളതിന്റെ താഴെ വെച്ച് വേണം മുറിച്ചു മാറ്റുവാൻ. മുറിച്ചു മാറ്റിയ ശിഖരങ്ങളുടെ മുറിപ്പാടുകളിൽ ബോർഡോപേസ്റ്റ് അല്ലെങ്കിൽ ലേപനം പുരട്ടുന്നത് രോഗം പരത്തുന്ന കുമിളുകളുടെ അതുവഴിയുള്ള വളർച്ചയെ ചെറുക്കുവാൻ സഹായിക്കും.

ജൂൺ മാസത്തിലെ മഴയ്ക്ക് മുൻപ് തടം തുറന്ന് ഒരാഴ്ചയ്ക്കുശേഷം ജൈവവളങ്ങൾ ഇട്ടു തടം മൂടണം. മരത്തിന്റെ വലിപ്പം അനുസരിച്ചു 50 മുതൽ 100 കി. ഗ്രാം വരെ കാലിവളമോ, കോഴിവളമോ, ആട്ടിൻകാഷ്ഠമോ നൽകാവുന്നതാണ്. ജൈവവളത്തോടൊപ്പം മണ്ണ് പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ രാസവളങ്ങളും, സൂക്ഷ്മമൂലകങ്ങളും നൽകിയാൽ കായപിടിത്തം മെച്ചപ്പെടും.

ആഗസ്റ്റ് മാസം, (പുഷ്പിക്കുന്നതിന് മൂന്നു മാസം മുൻപ്) പാക്ളോബുട്രസോൾ എന്ന ഹോർമോൺ 3 മില്ലി ഒരുമീറ്റർ ചുറ്റളവിലുള്ള ഇലച്ചാർത്തിനു എന്ന തോതിൽ ചുവട്ടിൽ ഒഴിച്ച് കൊടുക്കണം. ഇതല്ലെങ്കിൽ 20 മില്ലി പാക്ളോബുട്രസോൾ 8 മുതൽ 10 ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു മരത്തിന്റെ ഒരു മീറ്റർ ചുറ്റളവിൽ ചെറിയ കുഴികളിൽ നാലഞ്ചിടത്തായി ഒഴിച്ച്കൊടുത്താലും മതിയാകും. തളിക്കുന്ന ഗ്രേഡു പൊട്ടാസിയം നൈട്രേറ്റ് സെപ്റ്റംബർ മാസത്തിൽ ഇലകളിൽ തളിച്ച് കൊടുക്കുന്നത് ഗുണം ചെയ്യും. 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച് തളിക്കേണ്ടതാണ്. പൊട്ടാസ്യം നൈട്രേറ്റ് തളിച്ചതിന് ഒരാഴ്ചയ്ക്ക് ശേഷം കാൽസ്യം നൈട്രേറ്റ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു തളിക്കേണ്ടതാണ്. മാവിന്റെ ചുവട്ടിൽ തൊണ്ട്, കരിയില തുടങ്ങിയവയിട്ട് പുകച്ചു കൊടുക്കുന്നത് പുഷ്പിക്കാൻ സഹായിക്കും. മഴയ്ക്ക് ശേഷം ഈ പ്രക്രിയ ചെയ്യുന്നതാണ് ഉത്തമം. പൂക്കാത്ത മാവിന്റെ തായ് തടിയിലെയും, പ്രഥമ ശിഖരങ്ങളുടെയും തൊലി ഒരിഞ്ചു കനത്തിൽ ചുറ്റും ഒരു റിങ് പോലെ മുറിച്ചു മാറ്റുന്നതും പൂക്കുന്നതിനു സഹായിക്കും. ഇങ്ങിനെ ചെയ്യുമ്പോൾ കാർബൺ നൈട്രജൻ അനുപാതത്തിൽ വരുന്ന മാറ്റങ്ങളാണ് പുഷ്പിക്കലിനെ ത്വരിതപ്പെടുത്തുന്നത്.

പുഷ്പിക്കുന്നതിനു തൊട്ടു മുൻപ് തന്നെ കായീച്ച കെണി (മീതൈൽ യൂജിനോൾ ട്രാപ്) തോട്ടത്തിൽ കെട്ടി തൂക്കിയാൽ കായീച്ച നിയന്ത്രണം സാധ്യമാകും. 25 സെന്റിലേക്കു ഒരു കെണി മതിയാകും. കായീച്ചകെണി ഉപയോഗിക്കുന്നതിലൂടെ മാമ്പഴത്തിലെ പുഴുശല്യം ഒരു പരിധിവരെ നിയന്ത്രിക്കാം.

*സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് (ഹോർട്ടികൾച്ചർ),
**സീനിയർ സയന്റിസ്റ്റ് & ഹെഡ്
ഐ സി എ ആർ കെ.വി.കെ എറണാകുളം, ഞാറക്കൽ പി.ഒ,
കൊച്ചി – 683 112
ഫോൺ: 9746469404.